**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **09-12-2022 - ൽ മറുപടിയ്ക്ക്**

**താലോലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | താലോലം ചികിത്സാ പദ്ധതിയിൽ ഏതൊക്കെ രോഗങ്ങൾക്കുള്ള ചികിത്സ ആണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | **18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ (CKD)/കാർഡിയോ വാസ്കുലർ വൈകല്യങ്ങൾ (ജന്മനാ/ആർജ്ജിതമായ), സെറിബ്രൽ പാൾസി, ഹീമോഫീലിയ, തലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥി വൈകല്യങ്ങൾ, ഞരമ്പു സംബന്ധമായ വൈകല്യങ്ങൾ, ബ്രിട്ടിൽ ബോൺ ഡിസീസ് (osteogenesis imperfecta) എന്നീ രോഗങ്ങളും, ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും, അവയവങ്ങൾ മാറ്റി വയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകളും താലോലം പദ്ധതിയിലൂടെ അനുവദിക്കുന്നു.** |
| (ബി) | അപേക്ഷ അയക്കേണ്ടതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | **താലോലം പദ്ധതിയിലൂടെ ചികിത്സ ആവശ്യമുള്ള കുട്ടികൾ പദ്ധതി പ്രകാരം എംപാനൽ ചെയ്തിട്ടുള്ള ചുവടെപ്പറയുന്ന ഏതെങ്കിലും ഒരു ആശുപത്രിയെ സമീപിക്കേണ്ടതാണ്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനായി അർഹതാ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും പ്രസ്തുത ആശുപത്രികളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. അർഹതയുള്ള കുട്ടികളെ കൗൺസിലർമാർ മുഖേന പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്.**<br><br>1. **ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം**<br>2. **റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം**<br>3. **മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ** |

| | | | |
|---|---|---|---|
| | | | 4. **എസ്.എ.റ്റി ആശുപത്രി, തിരുവനന്തപുരം**<br>5. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം**<br>6. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ**<br>7. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം**<br>8. **ജില്ലാ ആശുപത്രി, ആലുവ**<br>9. **ICCONS തിരുവനന്തപുരം**<br>10. **ICCONS, ഷൊർണ്ണൂർ**<br>11. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ**<br>12. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്**<br>13. **ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, മഞ്ചേരി, മലപ്പുറം**<br>14. **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്**<br>15. **ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം**<br>16. **അക്കാഡമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കണ്ണൂർ** |

സെക്ഷൻ ഓഫീസർ